(ഇ) വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. കേരളത്തിലെ വിവിധ ഹോട്ടലുകളെ ഉൾപ്പെടുത്തിയുള്ള ഒരു ടൂറിസം പാക്കേജിന് സംസ്ഥാന ടൂറിസം വകുപ്പും ഇന്ത്യൻ എയർലൈൻസും ചേർന്ന് ഒരു ധാരണാപത്രം ഒപ്പു വയ്ക്കുകയുണ്ടായി. ഇപ്രകാരം ടി പാക്കേജിൽ ഉൾപ്പെട്ട ഹോട്ടലുകൾ ഇന്ത്യൻ എയർലൈൻസിന് സൗജന്യ നിരക്കിൽ ഹോട്ടൽ മുറികൾ അനുവദിക്കുകയുണ്ടായി. ഈ പദ്ധതി ഇപ്പോഴും നിലവിലുണ്ട്.

(ഡി&ഇ) ഉണ്ട്. റെയിൽവേയുമായി ചേർന്ന് മുംബെയിൽ നിന്നും കേരളത്തിലേക്കുള്ള നേത്രാവതി എക്സ്പ്രസിൽ പ്രത്യേക 3 ടയർ എ.സി. കോച്ചിൽ എല്ലാ ശനിയാഴ്ചയും സീസൺ സമയത്ത് കേരളത്തിലേക്ക് വിനോദ സഞ്ചാരികളെ കൊണ്ടുവരാനുള്ള സംവിധാനം പ്രത്യേക പാക്കേജ് മുഖാന്തിരം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സീസൺ സമയത്ത് അഹമ്മദാബാദിൽ നിന്നും എല്ലാ ചൊവ്വാഴ്ചയും ഹൈദ്രാബാദിൽ നിന്നും എല്ലാ ശനിയാഴ്ചയും സീറ്റുകൾ ബുക്ക് ചെയ്ത് റെയിൽവേയുമായി ചേർന്ന് വിനോദസഞ്ചാരികളെ കേരളത്തിലേക്ക് കൊണ്ടുവരാനുള്ള ടൂറിസം പാക്കേജുകൾ നടപ്പാക്കിയിട്ടുണ്ട്.

ടൂറിസം വകുപ്പിലും കെ.ടി.ഡി.സി.-യിലും താൽക്കാലികാടിസ്ഥാനത്തിൽ നിയമനം

132 (2411) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പിലും കെ.ടി.ഡി.സി.-യിലും താൽക്കാലിക അടിസ്ഥാനത്തിൽ എത്രപേരെ നിയമിച്ചു ; അവ ഏതൊക്കെ തസ്തികകളിൽ ;

(ബി) പ്രസ്തുത ആളുകൾക്ക് വേതനം നൽകുന്നത് ദിവസക്കൂലി, ശമ്പളം, വൗച്ചർ പേമെന്റ് ഇവയിൽ ഏത് വ്യവസ്ഥയിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ തസ്തികയിലുള്ളവർക്കും പ്രതിദിനം/പ്രതിമാസം എത്ര തുക നൽകുന്നു ;

(ഡി) ഇത്തരം നിയമനങ്ങൾക്ക് അപേക്ഷ ക്ഷണിക്കാറുണ്ടോ ; പത്രപരസ്യം നൽകാറുണ്ടോ ;

(ഇ) എങ്കിൽ ഏതൊക്കെ പത്രങ്ങളിൽ പരസ്യപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കേണ്ടതില്ലെന്ന് പി.എസ്.സി.-യോട് ശുപാർശ ചെയ്തിട്ടുള്ള ഏതെങ്കിലും തസ്തികകളിൽ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അവ ഏതൊക്കെയാണെന്നും എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും എത്ര തുക വീതം ശമ്പളം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) താൽക്കാലിക നിയമനം പാടില്ലെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പിൽ 267 പേരുടെ സേവനം താൽക്കാലികാടിസ്ഥാനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിൽ 247 പേർ ദിവസക്കൂലി അടിസ്ഥാനത്തിലും 20 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നിയമിക്കപ്പെട്ടവരാണ്. കെ.ടി.ഡി.സി.-യിൽ ആറുപേരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

തസ്തികകൾ (ടൂറിസം വകുപ്പ്)

1. ഇൻഫർമേഷൻ അസിസ്റ്റന്റ്
2. ടൈപ്പിസ്റ്റ്
3. കുക്ക്
4. ഷോഫർ അഥവാ ഡ്രൈവർ
5. സ്വീപ്പർ
6. ലാസ്ക്കർ
7. ബട്ലർ
8. റൂം അറ്റൻഡന്റ്
9. വെയിറ്റർ
10. വാച്ചർ
11. സാനിട്ടേഷൻ വർക്കർ

കെ.ടി.ഡി.സി.

1. എക്സിക്യൂട്ടീവ് ഷെഫ്
2. ഡ്രൈവർ
3. അറ്റൻഡന്റ്
4. മെസഞ്ചർ
5. റിസപ്ഷനിസ്റ്റ്
6. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്

(ബി) ടൂറിസം വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നൽകിയവർക്ക് സർക്കാർ സ്കെയിലിൽ ശമ്പളവും ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർക്ക് ദിവസക്കൂലി അടിസ്ഥാനത്തിലുമാണ് വേതനം നൽകുന്നത്. കെ.ടി.ഡി.സി.-യിൽ നിയമിക്കപ്പെട്ടവർക്ക് കരാർ അടിസ്ഥാനത്തിൽ നിശ്ചിത തുക മാസശമ്പളമായി നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ദിവസക്കൂലി അടിസ്ഥാനത്തിൽ ഷോഫർ, ഇൻഫർമേഷൻ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രതിദിനം 140 രൂപയും മറ്റു തസ്തികകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രതിദിനം 120 രൂപയും (ജോലിക്ക് ഹാജരാകുന്ന ദിവസം മാത്രം) വേതനം നൽകുന്നു.

കെ.ടി.ഡി.സി.-യിൽ നിയമിക്കപ്പെട്ടവർക്ക് കരാർ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിശ്ചിത തുക മാസ ശമ്പളമായി നൽകുന്നു.

1.	എക്സിക്യൂട്ടീവ് ഷെഫ്	-	15000 രൂപ
2.	ഡ്രൈവർ	-	4000 രൂപ
3.	അസ്റ്റന്റ് എയർപോർട്ട്	-	3000 രൂപ
4.	റിസപ്ഷനിസ്റ്റ്	-	1500 രൂപ
5.	മെസഞ്ചർ	-	1500 രൂപ
6.	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	-	2000 രൂപ

(ഡി) ദിവസക്കൂലി അടിസ്ഥാനത്തിൽ ടൂറിസം വകുപ്പിലും കരാർ അടിസ്ഥാനത്തിൽ കെ.ടി.ഡി.സി.-യിലും നടത്തിയ നിയമനങ്ങൾക്ക് പത്രപരസ്യം നൽകിയിട്ടില്ല. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തിയ നിയമനങ്ങൾക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് വരുത്തി ഇന്റർവ്യൂ നടത്തിയാണ് നിയമനം നൽകിയത്.

(ഇ) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

(എഫ്) ഇല്ല.

(ജി) ഇല്ല.

കണ്ടക്ടഡ് ടൂർ പരിപാടി

133 (2412) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ടി.ഡി.സി. ഈ വർഷം നടത്തുന്ന കണ്ടക്ടഡ് ടൂർ പരിപാടികൾ ഏതെല്ലാം ;

(ബി) എവിടെനിന്നും എവിടേക്കാണ് ഈ സർവ്വീസുകൾ നടത്തുന്നത് ;

(സി) ഇതിൽ നിന്നുള്ള വരുമാനം എത്ര ;

(ഡി) പ്രസ്തുത പദ്ധതി ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly